ഇ.9/ 100/15/ സാ.നീ.ഡ

സാമൂഹ്യനീതി ഡയറക്ടറുടെ കാര്യാലയം,
വികാസ് ഭവൻ, തിരുവനന്തപുരം,
തീയതി. 12-01-2015

## പരിപത്രം (അടിയന്തിരം)

വിഷയം : സാമൂഹ്യ. നീതി വകുപ്പ്- ഡി.പി.സി. (ലോവർ), കൂടുന്നത് സംബന്ധിച്ച് സൂചന:

2015 ലെ ലോവർ ഡി.പി.സി.യിലേക്ക് സമർപ്പിക്കുന്നതിനായി സാമൂഹ്യനീതി ഡയറക്ടറുടെ 17-06-95 ലെ 48348/സ്പെഷ്യൽ സെൽ 1/93 സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നമ്പർ 380 മുതൽ 443 വരെയുള്ളവരും, തുടർന്ന് 28.07.2007 ലെ ഇ.9/18816/06 സാ.ക്ഷേ.വ. നമ്പർ സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നമ്പർ 120 വരെ വരുന്നവരുമായ **ICDS സൂപ്പർവൈസർമാർ** 2012,2013,2014 വർഷങ്ങളിലെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കേണ്ടതാണ്.

17-06-95 ലെ 48348/സ്പെഷ്യൽ സെൽ 1/93 സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നമ്പർ 380 ന് മുകളിൽ പേരുവരുന്നവരും അഥവാ അതിന് മുന്നിലുള്ള സീനിയോറിറ്റി ലിസ്റ്റുകളിൽ പേരു വന്നിട്ടുള്ളവരും എന്നാൽ വിവിധ കാരണങ്ങളാൽ മുൻ സെലക്റ്റ് ലിസ്റ്റിൽ ഉൾപ്പെടാതെപോയവരുമായ സൂപ്പർവൈസർമാരിൽ ഇപ്പോൾ സർവ്വീസിൽ തുടരുന്നവരുണ്ടെങ്കിൽ അവരും കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കേണ്ടതും ആമുഖകത്തിൽ പ്രസ്തുത വിവരം രേഖപ്പെടുത്തേണ്ടതുമാണ്.

ICDS സൂപ്പർവൈസർമാർ 2012,2013,2014 വർഷങ്ങളിലെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ കലണ്ടർ വർഷക്രമത്തിൽ തയ്യാറാക്കി റിപ്പോർട്ടിങ്, റിവ്യൂയിങ് എന്നിവയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാക്ഷ്യപ്പെടുത്തൽ വരുത്തി **31-01-2015** നുള്ളിൽ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. പ്രൊബേഷൻ ഡിക്ലയർ ചെയ്ത ഉത്തരവിന്റെ പകർപ്പും അതില്ലാത്തപക്ഷം സേവനപുസ്തകത്തിൽ വ്യക്തിഗതവിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള ആദ്യപേജിന്റേയും, പ്രൊബേഷൻ ഡിക്ലയർ ചെയ്ത രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുള്ള പേജിന്റേയും പകർപ്പുകൾ കാര്യാലയമേധാവി സാക്ഷ്യപ്പെടുത്തി ഈ കാര്യാലയത്തിൽ റിപ്പോർട്ടിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. 2012,2013 ലെ റിപ്പോർട്ടുകൾ ഇതിനകം സമർപ്പിച്ചിട്ടുള്ളവർ 2014 ലെ റിപ്പോർട്ട് സമർപ്പിച്ചാൽ മതിയാകും.

കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ലഭ്യമായിട്ടുണ്ട് എന്നത് ജീവനക്കാർ ഈ കാര്യാലയവുമായി ബന്ധപ്പെട്ട് ഉറപ്പുവരുത്തേണ്ടതാണ്.

**ജീവനക്കാർ തങ്ങളുടെ മൊബൈൽ ഫോൺ നമ്പരുകൾ കോൺഫിഡൻഷ്യൽ റിപ്പോർട്ടിന്റെ മുകളിൽ രേഖപ്പെടുത്തേണ്ടതാണ്.**

ഇക്കാര്യത്തിൽ മറ്റൊരു അറിയിപ്പ് ഉണ്ടാകില്ലെന്നും ആയതിനാൽ 31-01-2015 നുള്ളിൽ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കാത്ത ജീവനക്കാരെ ഒഴിവാക്കി ഡി.പി.സി. (ലോവർ) കൂടുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണെന്നും അറിയിക്കുന്നു.

സാമൂഹ്യനീതി ഡയറക്ടർ

എല്ലാ കാര്യാലയമേധാവികൾക്കും

വെബ്സൈറ്റ് പ്രസിദ്ധീകരണത്തിന്